## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2178**

**2015 മാർച്ച് 18-ാം തീയതി മറുപടി നല്കേണ്ടത്**

**കോൺട്രാക്ടർമാർക്ക് നല്കാനുള്ള തുക**

ചോദ്യം | ഉത്തരം
---|---
ശ്രീ. കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ. എം. മാണി<br>ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നടത്തിയ നിർമ്മാണ പ്രവർത്തികളുടെ ചെലവിനത്തിൽ സർക്കാർ കോൺട്രാക്ടർമാർക്ക് ആകെ എത്ര രൂപ നല്കാനുണ്ടെന്ന് വിശദമാക്കാമോ;<br>ബി) ഏതൊക്കെ കാലയളവിലെ പ്രവൃത്തികൾക്കാണ് കുടിശ്ശികയുള്ളതെന്ന് വിശദമാക്കാമോ; | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നടത്തിയ നിർമ്മാണ പ്രവർത്തികളുടെ ചെലവിനം സംബന്ധിച്ച കണക്ക് പ്രത്യേകമായി ധനകാര്യ വകുപ്പിൽ സൂക്ഷിച്ചിട്ടില്ല. ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.01.2014 മുതൽ 30.11.2014 വരെയുള്ള ബില്ലുകൾക്കായി 1582.36 കോടി രൂപയുടെയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 411.71 കോടി രൂപയുടെയും , ജലവിഭവ വകുപ്പിൽ 01.01.2014 മുതൽ 31.08.2014 വരെ 110.78 കോടി രൂപയുടെയും ഉൾപ്പെടെ ആകെ 2104.85 കോടി രൂപയുടെ ബില്ലുകൾക്ക് ലെറ്റർ ഓഫ് ക്രഡിറ്റ് കരാറുകാർക്ക് അനുവദിക്കാനുണ്ട്. |

| | |
|---|---|
| സി) ഈ കുടിശ്ശിക എന്നത്തേക്ക് തീർത്തു നൽകു-മെന്ന് വിശദമാക്കാമോ? | സർക്കാർ ഉത്തരവ് (ആർ.റ്റി) നം.1704/2015/ധന. തീയതി 02.03.2015 പ്രകാരം 2014 ജനുവരി മാസത്തെ ബില്ലുകൾ സംബന്ധിച്ച ലെറ്റർ ഓഫ് ക്രഡിറ്റ് 2015 മെയ് മാസത്തിലും, 2014 ഫെബ്രുവരി മാസത്തെ ബില്ലുകൾ 2015 ജൂൺ മാസത്തിലും, 2014 മാർച്ചു മാസത്തെ ബില്ലുകൾ 2015 ജൂലൈ മാസത്തിലും, 2014 എപ്രിൽ മാസത്തെ ബില്ലുകൾ 2015 ഓഗസ്റ്റ് മാസത്തിലും നൽകുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. ഈ കാലയളവിലെ മൊത്തം ബിൽ തുക 960.03 കോടി രൂപയാണ്. ഈ തുക മാറുന്നതിന് കരാറുകാർ ഇപ്പോൾ നടപ്പിലാക്കിവരുന്ന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ഉപയോഗപ്പെടുത്തി വരുന്നു.തുടർന്നുള്ള മാസങ്ങളിലെ ബില്ലുകൾ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് ഘട്ടംഘട്ടമായി കൊടുത്തു തീർക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ